# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4110      21.07.2015-ൽ മറുപടിയ്ക്ക്

## കലാകാര പെൻഷൻ

**ചോദ്യം**      **മറുപടി**

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ കഥാ പ്രസംഗരംഗത്ത് പ്രവർത്തിക്കുന്നവർ, പ്രൊഫഷണൽ നാടകരംഗത്തെ വിവിധ വിഭാഗം കലാകാരന്മാർ, ശബ്ദക്രമീകരണ വിദഗ്ധർ, ഗായകർ, സീരിയൽ രംഗത്തെ കലാകാരന്മാർ എന്നിവർ എത്ര വീതം എന്നത് സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കുമോ; കണക്ക് ലഭ്യമല്ല എങ്കിൽ ആയതിനായി എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | (എ) | കലാകാരന്മാരുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. സാംസ്കാരിക വകുപ്പിൻ കീഴിൽ ഒരു വെബ്സൈറ്റ് രൂപീകരിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത സൈറ്റിൽ ഡേറ്റാബേസ് ഉൾപ്പെടുത്താനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ഇവരിൽ ഓരോ വിഭാഗത്തിലുംപെട്ട എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും നാളിതുവരെ ഇൻഷ്വറൻസ്, മെഡിക്ലെയിം പദ്ധതിയിൽ ഉൾപ്പെടുത്തിയ നാടക സംഘങ്ങൾ ഏതെല്ലാം എന്നും അതിൽ എത്ര അംഗങ്ങളുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | സാംസ്കാരികവകുപ്പിന് കീഴിലെ കലാകാര പെൻഷൻ പദ്ധതിയിൽ വിവിധ കലകളിൽപെട്ട ആകെ 2651 കലാകാരന്മാർക്ക് പ്രതിമാസം 750/- രൂപ വീതം പെൻഷൻ നൽകിവരുന്നു. ഈ പദ്ധതിയിൽ ആർക്കും തന്നെ കുടിശ്ശികയില്ല.<br>സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ 6750 പേർ അംഗങ്ങളായിട്ടുണ്ട്. അവരിൽ 1461 പേർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. മൂന്ന് മാസത്തെ (3000/- രൂപ വീതം 43,83,000/-രൂപ) കുടിശ്ശിക ഉണ്ട്. ഓണത്തോടനുബന്ധിച്ച് കുടിശ്ശിക മുഴുവൻ നൽകുന്നതാണ്. ഈ ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ഇൻഷ്വറൻസ്, മെഡിക്ലെയിം പദ്ധതി ഏർപ്പെടുത്തിയിട്ടില്ല.<br>കേരള സംഗീത നാടക അക്കാദമിയിൽ നിന്നും ഇൻഷ്വറൻസ് മെഡിക്ലെയിം പദ്ധതിയിൽ ഉൾപ്പെടുത്തിയ നാടകസമിതികളുടെ പേരും എണ്ണവും അടങ്ങിയ വിവരം അനുബന്ധം I ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | നാളിതുവരെ കലാകാര പെൻഷൻ, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി എന്നിവയ്ക്കായി നൽകിയ സഹായം എത്രയെന്നും ക്ഷേമനിധി അംഗങ്ങൾ എത്രയെന്നും എത്ര പേർക്ക് ഇതിൽ നിന്നും പ്രതിമാസ പെൻഷൻ നൽകിയെന്നും അശരണരും രോഗബാധിതരുമായ കലാകാരന്മാർക്കുള്ള അടിയന്തര ചികിത്സാ സഹായം, ഇൻഷ്വറൻസ് മെഡിക്ലെയിം എന്നിവ ഈ സർക്കാർ കാലയളവിനുള്ളിൽ ഓരോ വർഷവും എത്രപേർക്ക് നൽകിയെന്നും ഇതിനായി ലഭിച്ച സർക്കാർ സഹായം എത്രയെന്നും വ്യക്തമാക്കുമോ; | (സി) | സാംസ്കാരികവകുപ്പിന് കീഴിൽ 2011-12 മുതൽ നാളിതുവരെ കലാകാര പെൻഷൻ, അടിയന്തിര ചികിത്സാ ധനസഹായം എന്നീ വിഭാഗങ്ങളിൽ അനുവദിച്ച ധനസഹായം സംബന്ധിച്ച വിശദവിവര പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.<br>കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് നാളിതു വരെ 3,41,40,000/-രൂപ ധനസഹായം നൽകിയിട്ടുണ്ട്.<br>കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 6750 പേർ ഇപ്പോൾ അംഗങ്ങളായിട്ടുണ്ട്. അവരിൽ 1461 പേർക്ക് ഇപ്പോൾ പെൻഷൻ നൽകിവരികയാണ്. 2013-14 സാമ്പത്തിക വർഷം ഒരാൾക്കും 2014-15 സാമ്പത്തിക വർഷം 20 പേർക്കും 2015–16 സാമ്പ ത്തിക വർഷം നാളിതുവരെ 13 പേർക്കും ക്ഷേമനിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ഇൻഷ്വറൻസ് മെഡിക്ലെയിം പദ്ധതി ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | ഇത്തരം കലാപ്രവർത്തകർക്ക് കേരള സംഗീത നാടക അക്കാഡമി മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അതുവഴി 2011 മുതൽ 2015 വരെ ഓരോവർഷവും എത്ര പേർക്ക് എത്ര തുക വീതം നൽകി എന്നും ഇതിനായി ലഭിച്ച ധനസഹായം എത്രയെന്നും വ്യക്തമാക്കുമോ; | (ഡി) | അനുബന്ധം III ആയി ചേർക്കുന്നു. |
| (ഇ) | പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളാകാത്ത, വൃദ്ധരും സ്ഥിരരോഗികളായവരും നിരാലംബരുമായ കലാകാരന്മാരെ കണ്ടെത്തി അവർക്ക് ആവശ്യമുള്ള ചികിത്സ, താമസം, ജീവിതസൌകര്യങ്ങൾ എന്നിവ ഏർപ്പെടുത്താൻ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | (ഇ) | 2013 – ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളാണ് ബോർഡ് മുഖേന നൽകിവരുന്നത്. ക്ഷേമനിധി അംഗത്വമില്ലാത്ത കലാ സാംസ്കാരിക പ്രവർത്തകർക്ക് ടി ആനുകൂല്യങ്ങൾക്ക് അർഹതയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

**കേരള സംഗീത നാടക അക്കാദമി**

**ഇൻഷ്വറൻസ് മെഡിക്ലെയിം പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രൊഫഷണൽ നാടകസമിതികളുടെ വിവരങ്ങൾ**

1. വേദവ്യാസ കലാകേന്ദ്രം, തിരുവനന്തപുരം - 12
2. ചിലങ്ക, തിരുവനന്തപുരം - 13
3. സൗപർണ്ണിക, തിരുവനന്തപുരം - 12
4. വ്യാസ തിയറ്റേഴ്സ്, തിരുവനന്തപുരം - 13
5. ജയകേരള നൃത്തകലാലയം, ചങ്ങനാശ്ശേരി - 11
6. മമത തിയറ്റേഴ്സ്, തിരുവനന്തപുരം - 12
7. അക്ഷരകല തിരുവനന്തപുരം, തിരുവനന്തപുരം (2) - 12
8. ചിറയിൻകീഴ് അനുഗ്രഹ, തിരുവനന്തപുരം - 13
9. സംഘകേളി, തിരുവനന്തപുരം - 13
10. സോപാനം തിയറ്റേഴ്സ്, തിരുവനന്തപുരം - 9
11. ഭൂമിക തിരുവനന്തപുരം, തിരുവനന്തപുരം - 11
12. സംസ്കൃതി, തിരുവനന്തപുരം - 12
13. ഗായത്രി, തിരുവനന്തപുരം - 6
14. തിരുവനന്തപുരം സ്വദേശാഭിമാനി, തിരുവനന്തപുരം - 13
15. അതുല്യ തിയറ്റേഴ്സ്, തിരുവനന്തപുരം - 9
16. തൃശ്ശൂർ ബ്രഹ്മപുത്ര, തൃശ്ശൂർ - 7
17. സിന്ധുഗംഗ തിയറ്റേഴ്സ്, ആലപ്പുഴ - 12
18. ജൂബിലി തിയറ്റേഴ്സ്, ആലപ്പുഴ - 13
19. കലാസംഘം, കൊല്ലം - 15
20. മൈത്രി കലാകേന്ദ്രം, ആലുവ - 12
21. കൊല്ലം ചൈതന്യ, കൊല്ലം - 14
22. കായംകുളം സപര്യ കമ്മ്യൂണിക്കേഷൻസ്, ആലപ്പുഴ - 13
23. കൈരളി നാടകവേദി, കൊല്ലം - 6
24. കോഴിക്കോട് രംഗഭാഷ, കൊയിലാണ്ടി - 12
25. കൊല്ലം വിശ്വഭാവന, കൊല്ലം - 15
26. കൊല്ലം അനശ്വര, കൊല്ലം - 14
27. കാഞ്ഞിരപ്പള്ളി അമല, കോട്ടയം - 12
28. കൊച്ചിൻ സംഗമിത്ര, എറണാകുളം - 12
29. ഗുരുവായൂർ ബന്ധുര, തൃശ്ശൂർ - 12
30. അങ്കമാലി അഞ്ജ്ജലി, അങ്കമാലി - 9
31. ഒഡീസി ആർട്ട് തിയറ്റേഴ്സ്, കൊല്ലം - 8

| | | | |
|---|---|---|---|
| 32. | കൊല്ലം ഐശ്വര്യ, കൊല്ലം | - | 12 |
| 33. | കൊല്ലം യവന, കൊല്ലം | - | 15 |
| 34. | വ്യാസ തിയറ്റേഴ്സ്, തൃശൂർ | - | 7 |
| 35. | ഭരത കലാക്ഷേത്ര, പത്തനംതിട്ട | - | 11 |
| 36. | കോഴിക്കോട് ഖാൻകാവിൽ നിലയം, കോഴിക്കോട് | - | 11 |
| 37. | കാളിദാസ കലാകേന്ദ്രം, കൊല്ലം | - | 13 |
| 38. | സംഗമം തിയറ്റേഴ്സ്, കോഴിക്കോട് | - | 11 |
| 39. | കോഴിക്കോട് സങ്കീർത്തന, കോഴിക്കോട് | - | 13 |
| 40. | അങ്കമാലി അമൃത, എറണാകുളം | - | 10 |
| 41. | പാലാ കമ്മ്യൂണിക്കേഷൻസ്, പാലാ (1) | - | 10 |
| 42. | പാലാ കമ്മ്യൂണിക്കേഷൻസ്, പാലാ (2) | - | 10 |
| 43. | ഓച്ചിറ മഹിമ, കരുനാഗപ്പള്ളി | - | 5 |
| 44. | കേളി, കൊച്ചി | - | 15 |
| 45. | തൃശൂർ സ്റ്റേജ് ഇന്ത്യ തിയ്യറ്റേഴ്സ്, തൃശൂർ | - | 15 |
| 46. | വയലാർ നാടകവേദി, കൊല്ലം | - | 8 |
| 47. | പ്രതിഭ ചങ്ങനാശ്ശേരി, കോട്ടയം | - | 13 |
| 48. | വൈക്കം മാളവിക, കോട്ടയം | - | 15 |
| 49. | കലാചേതന, എറണാകുളം | - | 13 |
| 50. | ശാരിക ആലുവ, എറണാകുളം | - | 4 |
| 51. | സവിനയ ശ്രീനികേതൻ, തിരുവനന്തപുരം | - | 11 |
| 52. | കൊല്ലം അരീന, കൊല്ലം | - | 12 |
| 53. | വള്ളുവനാട് നാദം കമ്മ്യൂണിക്കേഷൻസ്, മലപ്പുറം | - | 15 |
| 54. | സംഘചേതന, തിരുവനന്തപുരം | - | 11 |
| 55. | വടകരസഭ, കോഴിക്കോട് | - | 11 |
| 56. | അരകല തിരുവനന്തപുരം, തിരുവനന്തപുരം (1) | - | 13 |
| | | ആകെ | 642 |

Deep/80

## അനുബന്ധം II

| സാമ്പത്തിക വർഷം | കലാകാര പെൻഷനു വേണ്ടി അനുവദിച്ച തുക | കലാകാര പെൻഷനു വേണ്ടി ചിലവഴിച്ച തുക | ചികിത്സാ ധനസഹായത്തിനായി അനുവദിച്ച തുക | ചികിത്സാ ധനസഹായത്തിനായി ചിലവഴിച്ച തുക |
|---|---|---|---|---|
| 2011-12 | 1,82,16,000/- | 1,50,00,943/- | 8,00,000/- | 6,80,000 /- (36 പേർക്ക്) |
| 2012-13 | 1,82,16,000/- | 1,79,27,045/- | 20,42,000/- | 20,41,000 /- (61 പേർക്ക്) |
| 2013-14 | 2,11,40,000/- | 2,10,33,427/- | 8,00,000/- | 6,25,000 /- (38 പേർക്ക്) |
| 2014-15 | 2,40,20,000/- | 2,40,11,081/- | 18,00,000/- | 17,45,000 /- (47 പേർക്ക്) |
| 2015-16 | 2,66,85,000/- | 78,88,590/- (ജൂലൈ വരെ) | 10,00,000/- | 90,000/- (6 പേർക്ക്) |

## അനുബന്ധം III

കേരള സംഗീത നാടക അക്കാദമി സംഗീതം, നൃത്തം, നാടകം, മാജിക്, കഥാപ്രസംഗം തുടങ്ങിയ കലകളുമായി ബന്ധപ്പെട്ട 50 വയസ്സ് പൂർത്തിയായ കലാകാരന്മാരുടെ പെൻഷനുവേണ്ടിയുള്ള അപേക്ഷകളും കൂടാതെ 18 വയസ്സുമുതൽ പ്രായമുള്ള കലാകാരന്മാരുടെ ക്ഷേമനിധിക്കുള്ള അപേക്ഷകളും സൂക്ഷ്മ പരിശോധനനടത്തി സർക്കാരിലേക്ക് ശുപാർശ ചെയ്യുവരുന്നു. അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് അടിയന്തിര ചികിത്സാധന സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളും സർക്കാരിലേക്ക് ശുപാർശ ചെയ്യുവരുന്നു.

KSNA വാർഷിക വരുമാനം 30,000/- രൂപയിൽ താഴെയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്ക് (10 വയസ്സിനും 17 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള) നൃത്തം /സംഗീതം എന്നിവ പരിശീലിയ്ക്കുന്നതിനായി സ്റ്റൈപ്പന്റ് നൽകിവരുന്നു. വർഷം തോറും 125 കുട്ടികളെയാണ് സ്റ്റൈപ്പന്റിനായി തെരഞ്ഞെടുക്കുന്നത്.

KSNA നാടകം പഠിക്കുന്ന സ്കൂൾ ഓഫ് ഡ്രാമ, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. ബി.ടി.എ. ത്രിവത്സര കോഴ്സിന് പഠിയ്ക്കുന്ന 6 പേരെയും, എം.ടി.എ. ദ്വിവത്സര കോഴ്സിന് പഠിയ്ക്കുന്ന 4 പേരെയുമാണ് വർഷം തോറും തെരഞ്ഞെടുത്ത് സ്കോളർഷിപ്പ് നൽകി വരുന്നത്. സ്റ്റൈപ്പന്റ്/സ്കോളർഷിപ്പ് ചെലവുകളുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | | സ്റ്റൈപ്പന്റ് | സ്കോളർഷിപ്പ് |
|---|---|---|---|
| 2011-2012 | - | 1,78,748/- | 1,20,935/- |
| 2012-2013 | - | 1,92,414/- | 2,11,958/- |
| 2013-2014 | - | 3,02,404/- | 93,418/- |
| 2014-2015 | - | 2,61,116/- | 4,29,684/- |
| ആകെ | - | 7,25,696/- | 10,64,981/- |

KSNA അക്കാദമി പ്രൊഫഷണൽ നാടകം (642), വാദ്യകല (197), കഥാപ്രസംഗം (52), മാജിക് (32) എന്നീ മേഖലകളിലെ 923 കലാകാരന്മാർക്ക് 2011 മുതൽ 2014 വരെ മൂന്ന് വർഷത്തേക്ക് പത്മശ്രീ മമ്മൂട്ടിയും, പത്മശ്രീ മോഹൻലാലും, മറുനാടൻ വ്യവസായിയായ ഡോ.ബി.ആർ.ഷെട്ടിയും നൽകിയ തുക ഉപയോഗിച്ച്

ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിരുന്നു. ഇതിനായി സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമായിട്ടില്ല. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന 923 കലാകാരന്മാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയതിൽ 17 കലാകാരന്മാർക്കായി 2011 വർഷം മുതൽ 2015 വരെ 10,86,414/- രൂപ ഇൻഷ്വറൻസ് ക്ലെയിമായി നൽകിയിട്ടുണ്ട്. ആയതിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2011-2012 | - | 1,98,134/- |
| 2012-2013 | - | 4,25,305/- |
| 2013-2014 | - | 2,89,928/- |
| 2014-2015 | - | 1,73,047/- |
| ആകെ | - | 10,86,414/- |

Deputy Section Officer